പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11. 10. 2011 - ൽ മറുപടിക്ക്

നമ്പർ: 2549

## വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ :<br>ശ്രീ. കെ. എം. ഷാജി :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. പി. ഉബൈദുള്ള : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി വില യിരുത്തുന്ന സംവിധാനത്തെക്കുറിച്ച് വിശ ദമാക്കുമോ ; | (എ ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി വിലിയിരുത്തുന്നതിന് ബന്ധപ്പെട്ട യൂണിറ്റ് തലവന്മാരും, പോലീസ് സൂപ്ര ണ്ടുമാരും എല്ലാ മാസവും അന്വേഷണ പുരോഗതി വിലയിരുത്തി അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുക യും, അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നും യഥാസമയം ലഭിക്കുന്ന റിവ്യൂ റിപ്പോർട്ടു കൾ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഇൻസ് പെക്ടർ ജനറൽ എന്നിവരുടെ നേതൃത്വ ത്തിൽ വിലയിരുത്തി അന്വേഷണത്തിൻെറ ശരിയായ പുരോഗതിക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ബി) അഞ്ചും പത്തും വർഷം പഴക്കമുള്ള കേസുകൾ ഇപ്പോഴും അന്വേഷണാവസ്ഥ യിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) മനപൂർവ്വമല്ലാത്ത നിസ്സാര വീഴ്ചക ളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയും രാഷ്ട്രീയമോ, വ്യക്തിപരമോ ആയ വൈരം | (സി) അകാരണമായി കേസുകൾ രജിസ്റ്റർ ചെയ്യുകയോ അന്വേഷണം നീട്ടിക്കൊണ്ടു പോകുകയോ ചെയ്യാറില്ല. അന്വേഷണം |

മൂലം വ്യക്തിഹത്യയും, പീഡനവും നടത്താൻ വേണ്ടി അന്വേഷണം നീട്ടിക്കൊണ്ടു പോകുന്നതുമായ കേസുകളിൽ പുന:പ്പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ അക്കാര്യം പരിശോധിക്കുമോ ;

പൂർത്തിയാക്കി കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകളിൽ പ്രതി പട്ടികയിലുള്ളവരോ, സാക്ഷികളോ സമർപ്പിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പുതിയ തെളിവുകൾ കിട്ടിയാൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി)കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുന്നതിനും, നിരപരാധികളെ പീഡിപ്പിക്കാൻ വിജിലൻസ് സംവിധാനത്തെ ദുരുപയോഗംചെയ്യുന്നതു തടയാനും തക്കവിധം നിയമത്തിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കുമോ ?

(ഡി) അഴിമതികേസുകളുടെ അന്വേഷണവും തുടർനടപടികളും കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വിജിലൻസ്, ലോകായുക്ത നിയമങ്ങളും നടപടിക്രമങ്ങളും പരിഷ്ക്കരിക്കുന്നതിലേക്കായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ